"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം (2021-22) - പദ്ധതി ഘടകങ്ങളിൽ അധിക തുക ചിലവാക്കൽ - നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.883/2023/F&P തീയതി,തിരുവനന്തപുരം, 06-11-2023

---

പരാമർശം:
1. 02/09/2021- ലെ സ.ഉ. (സാധാ) നം. 408/2021/മ.തു.വ.
2. ഫിഷറീസ് ഡയറക്ടറുടെ 18-07-2022 ലെ DFTVM/1345/2021-K2-Part(1) നമ്പർ കത്ത്.
3. ഫിഷറീസ് ഡയറക്ടറുടെ 20-09-2023ലെ DFTVM/1345/2021-K2 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

2021-22 വർഷത്തെ Capacity Building Training Programme-നായി പരാമർശം (1) ഉത്തരവ് പ്രകാരം 2405-00-109-91 (P) എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായി. പ്രസ്തുത പദ്ധതിയുടെ ഘടക പദ്ധതികളായ RGCA-Vijayawada, CIFA-Bhuvaneswar, BIRD-Lucknow, CMFRI-Mandapam എന്നീ സ്ഥാപനങ്ങളിൽ വെച്ച് നടന്ന ട്രെയിനിംഗുകൾക്ക് യഥാക്രമം 570/- രൂപ, 3217/- രൂപ, 7650/-രൂപ, 1194/-രൂപയും CMFRI-Veraval, Regional Centre-Gujarat-ലേക്ക് നടത്തിയ Interstate exposure visit - ന് 80338/- രൂപയും KUFOS, Kochi യിൽ നടന്ന Inside state ട്രെയിനിംഗിന് 8000/- രൂപയും അധികം ചെലവഴിച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭരണാനുമതി നൽകിയിട്ടുള്ള തുകയേക്കാൾ ഗണ്യമായ വ്യതിയാനം വന്നിട്ടുള്ളത് പദ്ധതി ഘടകമായ CMFRI-Veraval Regional Centre-ൽ നടത്തിയിട്ടുള്ള Interstate Exposure Visit എന്ന പരിപാടിയുടെ ചെലവിലാണ്. പ്രസ്തുത പരിപാടിയുടെ പ്രൊപ്പോസൽ തയ്യാറാക്കിയപ്പോൾ യാത്രാ ചെലവ്, അക്കോമഡേഷൻ എന്നിവയ്ക്കുള്ള തുക കണക്കാക്കുന്നതിൽ വന്ന പിഴവാണ് അധിക തുക ചിലവഴിക്കാൻ കാരണമായതെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും, ഇപ്രകാരം പദ്ധതി ഘടകങ്ങളിൽ അധിക തുക ചിലവഴിക്കേണ്ടതായി വന്നു എങ്കിലും ഇത് Capacity Building Training Programme -ന് ഭരണാനുമതി നൽകിയ 40 ലക്ഷം രൂപയിൽ അധികരിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ Capacity Building Training Programme-ലെ പദ്ധതി ഘടകങ്ങളിൽ തുക അധികമായി ചിലവഴിച്ച നടപടി സാധൂകരിച്ച്

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ